# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

## ബിസിനസ്സ് സെന്റർ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3539** — **10.04.2013 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പ്രവാസികൾക്കായി ബിസിനസ്സ് സെന്റർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) യും (ബി) യും<br>ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും, വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായിട്ടാണ് നോർക്ക വകുപ്പിനു കീഴിൽ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ അഥവാ നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം രൂപീകരിക്കാൻ ആലോചിക്കുന്നത് വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ, പരിശീലനപരിപാടികൾ, സെമിനാറുകൾ, പദ്ധതിക്ക് ആവശ്യമായ അനുമതി തേടുന്ന തിന് സഹായം നൽകൽ, പ്രവാസികൾ തുടങ്ങുന്ന കമ്പനികളുടെ വെർച്വൽ ഓഫീസുകൾ, സെക്രട്ടേറിയൽ സർവ്വീസുകൾ, പ്രവാസി മലയാളികൾക്ക് വിവിധ ആവശ്യങ്ങൾക്ക് അപേക്ഷകൾ/ രേഖകൾ തയ്യാറാക്കൽ രേഖകളുടെ മൊഴി |

| | | |
|---|---|---|
| | | മാറ്റം, പാസ്പ്പോർട്ട് തുടങ്ങിയ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സഹായിക്കൽ, പ്രവാസി മലയാളികളുടെ കുടുംബാംഗങ്ങൾക്കായി ബി.പി.ഒ സ്ഥാപിക്കൽ, മറ്റ് കൺസൾട്ടൻസി സേവനങ്ങൾ തുടങ്ങിയവ ഈ സെന്ററിലൂടെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏജൻസികളായ കെ. എഫ്. സി, കെ.എസ്.ഐ.ഡി.സി., സിഡ്കോ, ഇൻകൽ, പൊതുമേഖല/ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.ബിപ്പ്. തുടങ്ങിയ ഏജൻസികളുടെയും ക്ഷീര വികസനം, കൃഷി, വ്യവസായം തുടങ്ങിയ വകുപ്പുകളുടെ വിവിധ മേഖലകളിലുള്ള പ്രോജക്ട് കൺസൾട്ടന്റ്സ് എന്നിവയുടേയും സഹായത്തോടെ ഈ സെന്റർ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2013-2014 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ